കോൺസ്റ്റബിൾമാരുടെ പരിശീലന കാലയളവ് സർവ്വീസായി പരിഗണിക്കാൻ നടപടി

122 (1057) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് കോൺസ്റ്റബിൾമാരുടെ പ്രാഥമിക പരിശീലന കാലയളവ് സർവ്വീസായി പരിഗണിച്ച് അവർക്ക് ഗ്രേഡ് നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിലേയ്ക്കായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ എന്നേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് സുപ്രീം കോടതിയിൽ കേസ് നിലവിലിരിക്കുകയാണ്.

(ബി&സി) 'എ' പിരിവിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പോലീസുകാരുടെ ജോലിസമയം

123 (1058) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസുകാരുടെ ജോലി സമയം എട്ടു മണിക്കൂറായി നിജപ്പെടുത്തണമെന്ന് ജോസഫ് കമ്മീഷൻ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ശുപാർശ ഗവൺമെന്റിന് നൽകിയത് എന്നാണ് ;

(സി) ഈ ശുപാർശ അനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഡി) എല്ലാവരുടെയും ജോലി സമയം എട്ടുമണിക്കൂറായി തീരുമാനമെടുക്കാൻ എത്ര കാലതാമസം വരുമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1992 നവംബർ മാസത്തിൽ

(സി) എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസ് അസോസിയേഷനുകളുമായി ചർച്ച നടത്തി തെരഞ്ഞെടുക്കപ്പെട്ട 72 പോലീസ് സ്റ്റേഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ 8 മണിക്കൂർ ജോലി സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എല്ലാ സ്റ്റേഷനുകളിലും ജോലി സമയം 8 മണിക്കൂറാക്കുന്നതിന് വേണ്ടി വരുന്ന അധിക തസ്തികകൾ കണക്കാക്കിയശേഷവും ടി സമ്പ്രദായം നടപ്പാക്കിയ സ്റ്റേഷനുകളുടെ പ്രവർത്തനം വിലയിരുത്തിയതിനുശേഷവും അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

പോലീസ് ഉദ്യോഗസ്ഥർക്ക് പി.ടി.എ നൽകിയിട്ടില്ലെന്ന കാര്യം

124 (1059) ശ്രീ. ബി.വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റിയിലെ പോലീസ് ഉദ്യോഗസ്ഥർക്ക് 2000 മാർച്ച് മാസത്തിൽ അർഹതപ്പെട്ട പി.ടി.എ. ഇതേവരെ നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അർഹതപ്പെട്ട പി.ടി.എ. എത്രയും പെട്ടെന്ന് സിറ്റിയിലെ എല്ലാ വിഭാഗം ജീവനക്കാർക്കും അനുവദിച്ച് നൽകാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പി. ടി. എ.. നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്.

ആംഡ് പോലീസ് സബ് ഇൻസ്പെക്ടർമാരുടെ പ്രതിമാസ യാത്രാബത്ത

125 (1060) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ മാരുടെ 9/99 മുതലുള്ള പ്രതിമാസ യാത്രാബത്ത (ടി.എ/ഡി.എ) എത്ര ;

(ബി) ഓരോ ബറ്റാലിയനുകളിലും 9/99 മുതൽ എ.പി.എസ്.ഐ. മാർക്ക് കൊടുക്കുന്ന പ്രതിമാസ യാത്രാബത്ത് (ടി.എ/ഡി.എ) ബറ്റാലിയൻ തിരിച്ച് വ്യക്തമാക്കാമോ ;

(സി) എം. എസ്. പി. ബറ്റാലിയനിലെ എ.പി. എസ്. ഐ. മാർക്ക് മാത്രം പ്രതിമാസ യാത്രാബത്ത (ടി.എ/ഡി.എ) പകുതിമാത്രം കൊടുക്കുവാൻ നിയമമോ ഉത്തരവുകളോ ഉണ്ടോ ;

(ഡി) നിയമമോ ഉത്തരവുകളോ ഉണ്ടെങ്കിൽ ആയത് മാറ്റി എം.എസ്.പി. ബറ്റാലിയനിലെ എ.പി.എസ്.ഐ. മാർക്ക് 9/99 മുതൽ പുതുക്കിയ നിരക്കിലുള്ള പ്രതിമാസ യാത്രാബത്ത (ടി.എ/ഡി.എ) അനുവദിച്ചുകൊടുക്കാൻ നടപടി ഉണ്ടാകുമോ ;

(ഇ) എം. എസ്. പി. ബറ്റാലിയനിലെ എ. പി. എസ്. ഐ. മാർക്ക് മാത്രം പ്രതിമാസ യാത്രാ ബത്തയുടെ 50 ശതമാനം മാത്രം കൊടുക്കുന്നതിന് തീരുമാനിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥന് മേൽ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly